بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 26/08/2016

## (22 DHUL QADDA 1437 HIJRI)

## Hazrat Khalifathullah Munir Ahmad Azim (A)

## "ISLAM ON WAR & PEACE" / "ഇസ്ലാം യുദ്ധത്തിലും സമാധാനത്തിലും"

സലാമിനു ശേഷം, ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വുദ്, സൂറഃഅൽഫാത്തിഹായ്ക്ക് ശേഷം ഇസ്ലാം യുദ്ധത്തിലും സമാധാനത്തിലും എന്ന വിഷയത്തെ ആസ്പദമാക്കി ഇപ്രകാരം പറഞ്ഞുതുടങ്ങി. പ്രതികാര നിയമത്തിലൂടെ ജൂദായിസം പഠിപ്പിച്ചതുപോലെ, ഇസ്ലാം ആക്രമണത്തെ പഠിപ്പിക്കുന്നില്ല. ഇന്നത്തെ അഭിമാനക്ഷതമേൽക്കേണ്ടി വരുന്ന ക്രിസ്തുമതത്തിന്റെ നിഷേധബോധനവും ഇസ്ലാം നൽകുന്നില്ല. ഒരു ചെകിടിനു പകരം മറുചെകിടു കാണിക്കുവാൻ ഇസ്ലാം പറയുന്നില്ല; അതുപോലെ വസ്ത്രം വിറ്റ് ആയുധം വാങ്ങുവാനും അത് പഠിപ്പിക്കുന്നില്ല. ഇസ്ലാമിന്റെ അധ്യാപനം മനുഷ്യന്റെ പ്രകൃതിവാസനകൾക്കിണങ്ങും വിധമുള്ളതാണ്. കഴിയുന്ന നിലയിൽ മാത്രമാണ് അത് സമാധാനത്തെ അനുകൂലിക്കുന്നത്. അതേ ! ഇസ്ലാം പ്രബോധിക്കുന്നത് ഒരു മധ്യവഴിയാണ്, അത് അധികം കഠിനമായതോ, അധികം മൃദുത്വമായതോ അല്ല. എന്നാൽ നീതിപൂർവ്വം ധർമ്മം നടപ്പിൽ വരുത്തേണ്ടതാണ്; നിലവിലുള്ള സാഹചര്യമനുസരിച്ച് ! എന്നാൽ അല്ലാഹു (ത) പരിശുദ്ധ ഖുർആനിൽ ഉപദേശിക്കുന്നു. കൊലയേക്കാളും ആക്രമണത്തെക്കാളും പൊറുത്തുകൊടുക്കലും ക്ഷമയുമാണ് ഏറ്റവും നല്ലത്! എല്ലാവിധത്തിലും ഇസ്ലാം ആക്രമണത്തെ തടയുന്നു. എന്നാൽ യുദ്ധം ചെയ്യാതിരുന്നാൽ സമാധാനം അപടകടത്തിലാകുമെന്നുണ്ടെങ്കിൽ, യുദ്ധം ചെയ്യുവാൻ അത് നമ്മെ നിർബന്ധിക്കുന്നു; അപ്പോൾ യുദ്ധത്തെ അനുകൂലിക്കുന്നു. വിശ്വാസ സ്വാതന്ത്ര്യത്തെയും സത്യാന്വേഷണത്തെയും വേരോടെ പിഴുതുകളയുമെന്നുള്ള സാഹചര്യത്തിൽ പോരാടുക തന്നെ ചെയ്യണം. സമാധാന സംസ്ഥാപനത്തിനുള്ള അധ്യാപനം ഇതാണ്. ഈ അധ്യാപനം പ്രവാചകൻ (സ) രൂപപ്പെടുത്തിയ അദ്ദേഹത്തിന്റെ നയങ്ങളും ചര്യയുമാണ്. ഖുർ ആനിൽ അല്ലാഹു (ത) പറയുന്നു. **"യുദ്ധം ചെയ്യപ്പെടുന്നവർക്ക് (തിരിച്ചും യുദ്ധം ചെയ്യാൻ) അനുമതി നൽകപ്പെട്ടിരിക്കുന്നു. എന്തെന്നാൽ അവർ അക്രമിക്കപ്പെട്ടിരിക്കുകയാണ്. തീർച്ചയായും അല്ലാഹു അവരെ സഹായിക്കുവാൻ കഴിവുള്ളവനാകുന്നു. ഞങ്ങളുടെ നാഥൻ അല്ലാഹുവാണ് എന്നവർ പറയുന്നതൊഴിച്ച് (മറ്റൊരു കാരണവും കൂടാതെ) അന്യായമായി തങ്ങളുടെ ഭവനങ്ങളിൽ നിന്ന് ബഹിഷ്ക്കരിക്കപ്പെട്ടവരാണ് അവർ. മനുഷ്യരിൽ ചിലർക്ക് മറ്റു ചിലരിൽ നിന്നുള്ള അക്രമണത്തിൽ നിന്ന് സ്വയം രക്ഷിക്കുന്നതിന് അല്ലാഹു അനുമതി നൽകിയില്ലായിരുന്നുവെങ്കിൽ സന്യാസി മഠങ്ങളും ക്രിസ്തീയ ദേവാലയങ്ങളും ജൂതപ്പള്ളികളും മുസ്ലീം പള്ളികളും എല്ലാം തകർക്കപ്പെടുമായിരുന്നു. അവയിൽ വച്ച് അല്ലാഹുവിന്റെ നാമം ധാരാളമായി അനുസ്മരിക്കപ്പെടുന്നു. തന്നെ സഹായിക്കുന്നവരെ അല്ലാഹു സഹായിക്കുക തന്നെ ചെയ്യും. തീർച്ചയായും അല്ലാഹു മഹാ ശക്തനും പ്രതാപവാനുമാകുന്നു. ഭൂമിയിൽ നാം അവർക്ക് സ്വാധീനം നൽകിയാൽ നമസ്ക്കാരം നിലനിർത്തുകയും സക്കാത്ത് കൊടുക്കുകയും നല്ല കാര്യങ്ങൾ കൽപ്പിക്കുകയും നിഷിദ്ധകാര്യങ്ങൾ നിരോധിക്കുകയും ചെയ്യുന്നവരായിരിക്കും അവർ. സകലകാര്യങ്ങളുടെയും പര്യവസാനം അല്ലാഹുവിങ്കലാകുന്നു."** (22:40 – 42)

ഞാൻ നിങ്ങളുടെ മുൻപിൽ പാരായണം ചെയ്ത വചനങ്ങൾ വ്യക്തമാക്കുന്നത്, ആക്രമണ വിധേയരായവർക്ക് യുദ്ധം ചെയ്യുവാനുള്ള അനുവാദം നൽകിയിരിക്കുന്നു. സർവ്വശക്തനായ അല്ലാഹു പീഡിതരെ സഹായിക്കുവാൻ തികച്ചും കഴിവുറ്റവൻ തന്നെ. അതായത് അവന്റെ വിശ്വാസ കാരണങ്ങളാൽ അവരുടെ ഭവനങ്ങളിൽ നിന്ന് പുറത്താക്കപ്പെട്ടവർ. ഈ അനുവാദം ധിഷണാപരമാണ്. സത്യവിശ്വാസികളുടെ സഹായ

ത്താൽ, ഈ അക്രമികളെ അല്ലാഹു (ത) നിർമ്മാർജനം ചെയ്തില്ലായിരുന്നുവെങ്കിൽ, ഈ ലോകത്ത് വിശ്വാസ സ്വാതന്ത്ര്യമോ, ആരാധനയോ നിലനിൽക്കുമായിരുന്നില്ല. ആരാധനാ സ്വാതന്ത്ര്യം സ്ഥാപിക്കുന്നതിനായി സഹാ യിക്കുന്നവരെ നിശ്ചയമായും അല്ലാഹു സഹായിക്കുക തന്നെ ചെയ്യും. ഇതിനെതുടർന്നാണ് യുദ്ധം ചെയ്യൽ അനുവദിക്കപ്പെട്ടത്, ഒരു ജനത വളരെക്കാലമായി അധാർമ്മികമായി, മനപൂർവ്വം, ക്രൂരമായ അക്രമങ്ങൾമൂലം പീഡനങ്ങൾ ഏറ്റുവാങ്ങുന്നു. ആക്രമണകാരി, തന്റെ ഇരയുടെ അഥവാ ആക്രമിക്കപ്പെട്ടവന്റെ മതത്തിൽ കടന്നുകയറ്റം നടത്തുന്നു. അവന്റെ പൈശാചിക സന്തോഷമല്ലാതെ പ്രത്യേകിച്ച് യാതൊരു കാരണവുമി ല്ലാതെ! ആക്രമിക്കപ്പെട്ടവന്റെ ഉത്തരവാദിത്വം, എപ്പോൾ അവന് അധികാരം ലഭ്യമാകുന്നുവോ അപ്പോൾ, അവൻ മതസ്വാതന്ത്ര്യം പുനസ്ഥാപിക്കേണ്ടതാണ്, എല്ലാ മതങ്ങളെയും എല്ലാ മതപരമായ സ്ഥലങ്ങളേയും സംരക്ഷിക്കേണ്ടതാണ്; അവന്റെ അധികാരം, അവന്റെ തന്നെ മഹത്വവത്ക്കരണത്തിനായി ഉപയോഗിക്ക രുത്; മറിച്ച് സാധു സംരക്ഷണത്തിനും, രാജ്യ പുരോഗതിക്കും പൊതുസമാധാനം ഉയർത്തിപ്പിടിക്കുവാനു മായി ഉപയോഗിക്കേണ്ടതാണ്. ഈ അധ്യാപനം വ്യക്തവും സമഗ്രവുമാണ്. ഇത് ഇസ്ലാമിന്റെ മേൽ സംശയി ക്കപ്പെട്ട ആക്ഷേപങ്ങളിൽ നിന്നും അതിനെ കുറ്റവിമോചിതമാക്കുന്നു. ഇസ്ലാമിന്റെ പ്രവാചകൻ (സ) യ്ക്കും, മുസ്ലീങ്ങൾക്കും വ്യക്തവും ശക്തവുമായി പ്രഖ്യാപിക്കുവാൻ കഴിയും, മുസ്ലീങ്ങൾ ചെയ്ത യുദ്ധങ്ങൾ, ആദ്യ കാല മുസ്ലീങ്ങളുടെ ജീവിതത്തിൽ നിന്നും ഇത് വ്യക്തമാണ്, അവർ യുദ്ധം ചെയ്യുവാൻ നിർബന്ധിതരായി തീരുകയായിരുന്നുവെന്ന് ! അങ്ങോട്ട് കയറി ആദ്യമേ ആക്രമിക്കുന്ന യുദ്ധങ്ങളെ ഇസ്ലാം നിരോധിച്ചിട്ടുള്ള താകുന്നു. ഇപ്പോഴും നിരോധിക്കുന്നു. ഭാവിയിലും നിരോധിക്കുന്നതാണ്. മുസ്ലീങ്ങൾക്ക് രാഷ്ട്രീയാധികാരം വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ളതാണ്. എന്നാൽ ഈ അധികാരം തന്റെ മഹത്വ വിളംബരത്തിനും പ്രാധാന്യത്തി നുമാകരുതെന്ന് മുന്നറിയിപ്പു നൽകിയിട്ടുള്ളതാകുന്നു. മറിച്ച് സാധുക്കളുടെ ഉയർച്ചയ്ക്കും, നാട്ടിൽ സമാ ധാനവും പുരോഗതിയും ഉയർത്തികാട്ടുവാനുമായിരിക്കണം. വിശുദ്ധ ഖുർആൻ പീഡിതരോട് (ആക്രമണ വിധേയമായവരോട്) കൽപ്പിക്കുന്നു. **“ നിങ്ങളോട് യുദ്ധം ചെയ്യുന്നവരുമായി അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിങ്ങളും യുദ്ധം ചെയ്യുക. എന്നാൽ, നിങ്ങൾ അതിക്രമം പ്രവർത്തിക്കരുത്. അല്ലാഹു അതിക്രമികളെ ഇഷ്ട പ്പെടുകയില്ലതന്നെ. അവരെ (നിങ്ങളോട് യുദ്ധം ചെയ്യുന്നവരെ) നിങ്ങൾ കണ്ടു മുട്ടുന്നേടത്തു വച്ച് വധിക്കു ക. അവർ നിങ്ങളെ ബഹിഷ്ക്കരിച്ചേടത്ത് നിന്ന് അവരെ നിങ്ങളും ബഹിഷ്ക്കരിക്കുക. ഫിത്ന കൊലയേ ക്കാൾ കഠിനമത്രെ. മസ്ജിദുൽഹറാമിന്റെ സമീപത്തു വച്ച് അവർ നിങ്ങളോട് യുദ്ധം ചെയ്യുന്നത് (ആരംഭിക്കു ന്നത്) വരെ നിങ്ങൾ അവരോട് യുദ്ധം ചെയ്യരുത്. (അവിടെവച്ച്) അവർ നിങ്ങളോടു യുദ്ധം ചെയ്യുന്നുവെങ്കിൽ നിങ്ങൾ അവരെ വധിക്കുക. ഇങ്ങനെ തന്നെയാണ് (അക്രമികളായ) ഈ അവിശ്വാസികൾക്കുള്ള ശിക്ഷ. ഇനി അവർ വിരമിക്കുന്നുവെങ്കിൽ അല്ലാഹു സർവ്വഥാ പൊറുത്തുകൊടുക്കുന്നവനും കരുണാമയനുമാകുന്നു. ഫിത്നാ ഇല്ലാതാവുകയും മതം (സ്വീകരിക്കുന്നത്) അല്ലാഹുവിനുവേണ്ടിയുള്ളതാവുകയും ചെയ്യുന്നതുവരെ നിങ്ങൾ അവരോട് യുദ്ധം ചെയ്യുക. എന്നാൽ, അവർ വിരമിക്കുകയാണെങ്കിൽ, (അറിയുക) അക്രമികൾ അല്ലാ ത്തവരുടെ മേൽ യാതൊരു കയ്യേറ്റവും വിഹിതമല്ല.”** (2:191 – 194)

പോരാട്ടം അല്ലാഹുവിന് വേണ്ടിയായിരിക്കണം. നമുക്ക് വേണ്ടിയാവരുത്. കോപത്തിനടിമപ്പെട്ടാ കരുത്. ധനസമ്പാദനത്തിനാകരുത്. പോരാട്ടം അതിക്രമങ്ങളിൽ നിന്നും മുക്തമായിരിക്കണം. അതിക്രമം അല്ലാഹു ഇഷ്ടപ്പെടുകയില്ലതന്നെ. യുദ്ധം ഭടന്മാർ തമ്മിലാണ്. വ്യക്തികളുടെ മേലുള്ള അന്യായമായ കയ്യേറ്റം നിരോധിക്കപ്പെട്ടിരിക്കുന്നു. ഒരു മതത്തിനെതിരെയുള്ള ആക്രമണം ശക്തമായി നേരിടേണ്ടതാണ്. അത്തരം ആക്രമണം രക്തം ചിന്തലിനേക്കാൾ മ്ലേച്ഛമാണ്. പരിശുദ്ധ ഭവനത്തിന് സമീപം മുസ്ലീങ്ങൾ യുദ്ധം ചെയ്യരു ത്. ശത്രു ആദ്യം ആക്രമിച്ചാലല്ലാതെ ! പരിശുദ്ധ ഭവനത്തിന് സമീപമുള്ള പോരാട്ടം, തീർത്ഥാടകരായ പൊതു ജനങ്ങളുടെ അവകാശത്തിൻമേലുള്ള കൈകടത്തലുകളാണ്. എന്നാൽ ശത്രു ആക്രമണമാരംഭിച്ചാൽ, തിരി ച്ചടിക്കുവാൻ മുസ്ലീങ്ങൾക്ക് അവകാശമുണ്ട്, ആക്രമണത്തിന്റെ പ്രതിഫലം എന്ന നിലയിൽ മാത്രമായിരി ക്കണം. എന്നാൽ ശത്രു പിൻവാങ്ങിയാൽ, മുസ്ലീങ്ങളും പിൻവാങ്ങണം. കഴിഞ്ഞതിന് മാപ്പ് ചെയ്യുകയും മറ ക്കുകയും ചെയ്യുക. മതപീഡനങ്ങൾ അവസാനിക്കും വരെയും, മതസ്വാതന്ത്ര്യം സ്ഥാപിക്കുന്നതുവരെയും

പോരാട്ടം തുടരേണ്ടതാണ്. മതം അല്ലാഹുവിന്റേതാകുന്നു. മതത്തിൽ സമ്മർദ്ദമോ ശക്തിയോ പ്രയോഗിക്കുന്നതു തെറ്റാണ്. അവിശ്വാസികൾ ഇതിൽ നിന്നും പിൻവാങ്ങിയാൽ, മതം സ്വതന്ത്രമായാൽ, മുസ്ലീങ്ങൾ അവിശ്വാസികളുമായുള്ള പോരാട്ടത്തിൽ നിന്നും പിൻവാങ്ങേണ്ടതാണ്. അതിക്രമം കാണിക്കുന്നവർക്കെതിരിലാണ്, ആയുധമെടുക്കേണ്ടത്. അതിക്രമങ്ങൾ അവസാനിപ്പിച്ചാൽ, പോരാട്ടവും അവസാനിപ്പിക്കേണ്ടതാണ്.

വിശുദ്ധഖുർ ആനിൽ നിന്നും ഏതാനും വചനങ്ങൾ ഞാൻ എടുത്ത് ഉദ്ധരിച്ചത്, യുദ്ധത്തേയും സമാധാനത്തേയും കുറിച്ച് ഇസ്ലാമിന്റെ അധ്യാപനങ്ങൾ നിങ്ങൾ മനസ്സിലാക്കുന്നതിന്വേണ്ടിയാണ്. ഇസ്ലാമിന്റെ കാഴ്ചപ്പാടനുസരിച്ച്, ഏത് സാഹചര്യത്തിലാണ് യുദ്ധം ചെയ്യേണ്ടതെന്ന്, യുദ്ധത്തിലായിരിക്കുമ്പോൾ മുസ്ലീങ്ങൾ ഏത് പരിധിയിൽ നിന്നാണ് യുദ്ധം ചെയ്യേണ്ടതെന്നും അത് വ്യക്തമാക്കുന്നു. ഇസ്ലാമിക അധ്യാപനങ്ങൾ, വിശുദ്ധ ഖുർ ആനിൽ പ്രതിപാദിച്ച സന്മാർഗ്ഗ പ്രമാണങ്ങളിൽ മാത്രമല്ല നിലകൊള്ളുന്നത്, മറിച്ച്, പ്രവാചകൻ (സ) യുടെ സന്മാർഗ്ഗ പ്രമാണങ്ങളിലും ജീവിത മാതൃകയിലൂടെയുമാണത് ജീവിക്കുന്നത്. അദ്ദേഹം ചെയ്തതും, അഥവാ, മൂർത്ത സാഹചര്യങ്ങളിൽ അദ്ദേഹം പഠിപ്പിച്ചതും ഇസ്ലാമിക അധ്യാപനങ്ങളുടെ ഒഴിച്ചുകൂടാൻ കഴിയാത്ത ഭാഗം തന്നെയാണ്. കഴിഞ്ഞ വെള്ളിയാഴ്ച ഞാൻ നടത്തിയ ഖുത്തുബയിൽ തറപ്പിച്ച് പറഞ്ഞതിന്റെ അനുബന്ധമായി, യുദ്ധത്തെയും സമാധാനത്തെയുംകുറിച്ച് പ്രവാചകൻ (സ) യുടെ ഏതാനും വചനങ്ങൾകൂടി നിങ്ങളുടെ മുമ്പാകെ വയ്ക്കുകയാണ്. **1. മരണപ്പെട്ടവന്റെ ശരീരം അംഗഭംഗപ്പെടുത്തുന്നത് പരിപൂർണ്ണമായും മുസ്ലീങ്ങൾ തടയപ്പെട്ടിരിക്കുന്നു. (മുസ്ലീം) 2. ചതി മുസ്ലീങ്ങൾ നിരോധിക്കപ്പെട്ടിരിക്കുന്നു. (മുസ്ലീം) 3. സ്ത്രീകളും കുട്ടികളും കൊല്ലപ്പെടാൻ പാടില്ല (മുസ്ലീം) 4. വൃദ്ധരും, അവശരും, സ്ത്രീകളും, കുട്ടികളും കൊല്ലപ്പെടരുത്, സമാധാന സാധ്യത എപ്പോഴും ആരാഞ്ഞുകൊണ്ടിരിക്കണം. (അബൂദാവൂദ്) 5. മുസ്ലീങ്ങൾ ശത്രുരാജ്യത്ത് പ്രവേശിക്കുമ്പോൾ, പൊതുജനങ്ങളെ ഭയപ്പെടുത്തുവാൻ പാടില്ല. സാധാരണ ജനങ്ങളോട് മോശമായി പെരുമാറരുത്. (മുസ്ലീം) 6. ഒരു മുസ്ലീം, യുദ്ധ തടവുകാരന്റെ, ഉത്തരവാദിത്വം ഏറ്റെടുക്കുമ്പോൾ, തടവുകാരന് താൻ കഴിക്കുന്നതുപോലുള്ള ആഹാരവും, താൻ ധരിക്കുന്നതുപോലുള്ള വസ്ത്രവും നൽകേണ്ടതാണ്. (ബുഖാരി) 7. പൊതു കെട്ടിടങ്ങളും ഫലദായകങ്ങളായ വൃക്ഷങ്ങളും (ഭക്ഷ്യധാന്യങ്ങളും) കേടുവരുത്തുവാൻ പാടില്ല. (മുഅത്വാ, ഇമാം മാലിക്)**

യുദ്ധത്തിന് മുമ്പ് ഇസ്ലാം മുന്നോട്ട് വയ്ക്കുന്ന ഓരോ നിരോധനത്തെയും വ്യവസ്ഥയെയും നാം പരിചിന്തനം ചെയ്യുകയാണെങ്കിൽ, നമുക്ക് ബോധ്യമാകും, അതായത് മുസ്ലീങ്ങൾ ഉപദേശിക്കപ്പെട്ടിരിക്കുന്നു, ഒരിക്കലും അവർ യുദ്ധം തുടങ്ങുവാൻ പാടില്ലാ എന്ന് ! എന്നാൽ യുദ്ധം ചെയ്യുവാൻ അവർ നിർബന്ധിക്കപ്പെട്ടാൽ, അവർ പോരാടേണ്ടത് ധർമ്മവും നീതിയുമനുസരിച്ചായിരിക്കണം. ആക്രമണകാരികളോടും പീഡിപ്പിക്കുന്നവരോടുമായിരിക്കണം പോരാടേണ്ടത്, അതല്ലാത്ത സാധാരണ ആളുകളോട് ആയിരിക്കരുത്, അവർ സ്ത്രീകളാകട്ടെ, വൃദ്ധരാകട്ടെ, കുട്ടികൾ ആകട്ടെ ! മുസ്ലീങ്ങൾ എപ്പോഴും പരിസ്ഥിതിയെ മാനിക്കേണ്ടതാണ്. എന്നാൽ ഇക്കാലത്ത് നാം എന്താണ് കാണുന്നത് ? എല്ലായിടത്തും മുസ്ലീങ്ങൾ ആക്രമിക്കപ്പെടുന്നു, ആയുധമുള്ള സാഹചര്യത്തിലും ആയുധമില്ലാത്ത സാഹചര്യത്തിലും അവർ ലക്ഷ്യമാക്കപ്പെടുന്നു. ഇസ്ലാമിക ചിഹ്നങ്ങളെ, അവഹേളിക്കുകയും, അവരുടെ ജന്മനാട്ടിൽ തന്നെ അവർ അക്രമിക്കപ്പെടുന്നു. അവരുടെ മേൽ ബോംബ് വർഷിക്കുന്നു, അവരുടെ കയ്യിൽ ആയുധങ്ങൾ ഇല്ലാത്ത സാഹചര്യത്തിൽ, പകരം ചെയ്യുവാൻ അവരുടെ കയ്യിൽ ഒരു മാർഗ്ഗവുമില്ലാതിരിക്കെ!

പലസ്തീനിലെയും, സിറിയയിലേയും , ഇറാഖിലേയും, ഇറാനിലേയും, മറ്റു മുസ്ലീം രാജ്യങ്ങളിലേയും നമ്മുടെ സഹോദരീസഹോദരന്മാരുടെയും കുട്ടികളുടെയും ചിത്രം ഇതാണ് നമ്മെ ഓർമ്മിപ്പിക്കുന്നത്. സ്വമതാന്ധത ബാധിച്ച ഒരു ചെറിയ സംഘം മുസ്ലീങ്ങൾ, ഇസ്ലാമിന്റെ അധ്യാപനങ്ങളെ തെറ്റായ നിലയിൽ ഉപയോഗിക്കുന്നുണ്ട്. എന്നാൽ ബഹുഭൂരിഭാഗം വരുന്ന, ഈ രാജ്യങ്ങളിലെ മുസ്ലീങ്ങൾ, ഈ അനീതിയുടെ പരിണത ഫലം അനുഭവിക്കേണ്ടി വരുന്നു. അല്ലാഹു കൽപ്പിച്ചതനുസരിച്ച് അവരെ സഹായിക്കുവാൻ ആരുമില്ല. എന്നാൽ ഒരു കാര്യം ഉറപ്പാണ്, എന്റെ പ്രിയ സഹോദരീ സഹോദരന്മാരെ, കുഞ്ഞുങ്ങളെ നമ്മുടെ പ്രാർത്ഥനകളിലൂടെ, അല്ലാഹു (ത) അവരുടെ സഹായത്തിനെത്തുന്നതാണ്. നമ്മുടെ മുസ്ലീം സഹോദരീ

സഹോദരന്മാരെ, ഭൗതിക ആയുധങ്ങളാൽ സഹായിക്കുവാൻ നമുക്ക് കഴിയില്ല; എന്നാൽ നമുക്ക് ഹൃദയങ്ങളുണ്ട്, കൈകളുണ്ട്, പ്രാർത്ഥിക്കുവാൻ ! അവരെ സഹായിക്കുവാൻ നമുക്ക് ത്യാഗങ്ങളുണ്ട്, അത് സാമ്പത്തികമാകട്ടെ അല്ലെങ്കിൽമറ്റു രീതിയിലാകട്ടെ ! ഇനി നാം നിസ്സഹായകരാണെങ്കിൽ, അപ്പോൾ മനസ്സിലാക്കുക, അല്ലാഹു ഒരിക്കലും നിസ്സഹായകനല്ല ! അവൻ എല്ലാറ്റിനും കഴിവുള്ളവനാണ്. ഏതു സാഹചര്യത്തെയും മാറ്റി മറിക്കുവാൻ അവൻ കഴിവുറ്റവനാണ്. എന്നാൽ മുസ്ലീങ്ങൾ അല്ലാഹുവിനോട് പ്രാർത്ഥിക്കുവാൻ തയ്യാറാകണം. അവന്റെ സഹായത്തിൽ അവർ, ഒരിക്കലും നിരാശരാകരുത് ! അല്ലാഹുവിന്റെ കാരുണ്യത്തെ തൊട്ട് അവർ ഒരിക്കലും പ്രതീക്ഷയില്ലാത്തവരുമാകരുത്. അതിലൂടെയാണ്, ദൈവീക യന്ത്രം പ്രവർത്തനക്ഷമമാകുന്നത്. ലോകത്ത് മാറ്റത്തിന്റെ ഒരു പുതു നിശ്വാസത്തിന് ശക്തിപകർന്നുകൊണ്ട് അവർ ഉയർത്തെഴുന്നേൽക്കുന്നതാണ്, വിശിഷ്യാ എവിടെയൊക്കെ മുസ്ലീങ്ങൾ പീഡിപ്പിക്കപ്പെടുന്നുവോ, അത് മറ്റ് അവിശ്വാസത്തിന്റെ ജനങ്ങളാലാകട്ടെ, അല്ലെങ്കിൽ, ഖുർആനും സുന്നത്തും പിൻതുടരുന്നവരാണെന്ന് അവകാശപ്പെടുന്ന ഈ പറയപ്പെട്ട മുസ്ലീങ്ങളുടെ കൈകളാലകട്ടെ !

ഏതെല്ലാം രീതിയിൽ നമുക്ക് കഴിയുമോ ആ രീതിയിലെല്ലാം നമ്മുടെ മുസ്ലീം സഹോദരങ്ങളെ സഹായിക്കുവാൻ അല്ലാഹു നമ്മെ പ്രാപ്തമാക്കട്ടെ ! നമ്മുടെ ഏറ്റവും വലിയ ആയുധം, അല്ലാഹുവിലുള്ള നമ്മുടെ വിശ്വാസമാണ്; അവന്റെ നേരെ ഉതിർക്കുന്ന പ്രാർത്ഥനകളും ! സത്യസന്ധവും നിഷ്കളങ്കവുമായ പ്രാർത്ഥന അല്ലാഹു കേൾക്കുന്നു; ഉത്തരം നൽകുന്നു. അതുകൊണ്ട് നാം നമ്മുടെ മുമ്പാകെ നൽകിയ അല്ലാഹുവിന്റെ എല്ലാ കൽപനകളും അനുസരിക്കേണ്ടതാണ്. അങ്ങനെയായാൽ അവന്റെ കാരുണ്യത്തിന്റെ വാതിൽ, എന്നത്തേക്കുമായി നമ്മുടെ മുമ്പിൽ തുറന്നു വയ്ക്കുന്നതാണ്. നിങ്ങൾ മനസ്സിലാക്കണം ! ഈ ഭൂമിയിൽ നമ്മെ ദുരിതമനുഭവിപ്പിക്കുവാൻ അവൻ ഉദ്ദേശിച്ചിട്ടുണ്ടെങ്കിൽ, അതു വെറും ഒരു താൽക്കാലിക ദുരിതം മാത്രമാണ്. എല്ലാ സത്യസന്ധരായ, സ്വാത്വികരായ മുസ്ലീങ്ങൾക്കും ശാശ്വതമായ സമാധാന ഭവനം ലഭിക്കുന്നതാണ്. എന്നാൽ മുസ്ലീങ്ങളാണെന്ന് സ്വയം പ്രഖ്യാപിക്കുന്നവരുണ്ടല്ലോ, കഷ്ടം ! അവരുടെ പ്രവർത്തികളും ഉദ്ദേശങ്ങളും ഇസ്ലാമിക അധ്യാപനങ്ങൾക്കെതിരാണ്. അപ്പോൾ അവർ തന്നെയാണ് ഏറ്റവും വലിയ ദൗർഭാഗ്യവാന്മാർ ! കാരണം അവരുടെ ഇസ്ലാം, അവരിൽ നിന്ന് പോകുന്നു, ഇസ്ലാമിന്റെ പേരിൽ തിന്മയെയാണ് അവർ വാരി പുണർന്നിരിക്കുന്നത്. അല്ലാഹുവിന്റെ ക്രോധം അവരെ പിടികൂടുന്നതാണ്; അവരുടെ വാസസ്ഥലം നരകമായിരിക്കും. എല്ലാ സത്യവാന്മാരായ മുസ്ലീംങ്ങളിലും അല്ലാഹുവിന്റെ കാരുണ്യം വർഷിക്കട്ടെ ! നമ്മെ അവൻ സംരക്ഷിക്കട്ടെ ! നമ്മുടെ വ്യക്തിത്വം അവൻ നിലനിർത്തട്ടെ ! യഥാർത്ഥ മുസ്ലീങ്ങൾ എന്ന നിലയിൽ നമ്മുടെ ആത്മീയത ഇരു ലോകത്തും നിലനിർത്തട്ടെ ! ആമീൻ.

**Translated & Issued By**

**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223 / 8547299180*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*